A JOURNEY THROUGH HISTORIC MOUNTAINS

# മാമലകൾക്കപ്പുറം

## മൗണ്ട് ഹോർ

Shyni Shaju



an  initiative  by  Jesus Youth - Ruwi

Jesus Youth - Oman

പഴയ നിയമത്തിൽ രണ്ടു വ്യത്യസ്ത പർവ്വതങ്ങൾക്ക് നൽകിയിട്ടുള്ള പേരാണ് മൗണ്ട് ഹോർ

## ഏദോമിലെ ഹോർ പർവ്വതം

ഒന്നാമത്തെ ഹോർ പർവ്വതം ചാവുകടലിന്റെ തെക്കു ഭാഗത്തുള്ള എദോമിന്റെ ദേശത്തിലെ അതിർത്തിയിലാണ്. സമുദ്ര നിരപ്പിൽ നിന്ന് 4780 അടി ഉയരത്തിൽ ജോർദ്ദാൻ - അറബ് താഴ്വരയുടെ കിഴക്കു വശത്തുള്ള എദോമൈറ്റ് പർവ്വത നിരകളിലാണ് ഏദോമിലെ ഹോർ പർവ്വതം സ്ഥിതി ചെയ്യുന്നത്.

വിശുദ്ധ ഗ്രന്ഥത്തിൽ സംഖ്യാ പുസ്തകം, അദ്ധ്യായം 20: 22 -28 വരെയുള്ള വചന ഭാഗത്താണ് ഹോർമലയെ കുറിച്ച് പ്രതിപാദിക്കുന്നത്. ഏദോം രാജ്യാതിർത്തിയിലുള്ള ഹോർമലയിൽ വച്ചു കർത്താവ് മോശയോടും അഹറോനോടും അരുളി ചെയ്തു. അഹറോൻ തന്റെ പിതാക്കന്മാരോടു ചേരും ( സംഖ്യാ 20 : 23 -24 ). കർത്താവ് കല്പിച്ചതു പോലെ മോശ അഹറൊന്റെ വസ്ത്രം ഊരി അവന്റെ മകനായ ഏലിയാസിറിനെ ധരിപ്പിച്ചു. മഹാപുരോഹിതനായ അഹറോൻ ഹോർ മല മുകളിൽ വച്ച് മരിച്ചു. മോശയുടെ സഹോദരനായ (പുറപ്പാട് 4 : 14 ) അഹറോന്റെ ശവകുടീരം ഏദോമിലെ ഹോർ മലയിലാണ് സ്ഥിതി ചെയ്യുന്നത് .

## Northern Mount Hor .

രണ്ടാമത്തെ ഹോർ മലയെക്കുറിച്ച് ബൈബിളിൽ പ്രതിപാദിക്കുന്നത് സംഖ്യാ പുസ്തകം, അദ്ധ്യായം 34: 7 - 8 വാക്യങ്ങളിലാണ്. കർത്താവ് ഇസ്രായേൽ ജനത്തിനു നൽകിയ കാനാൻ ദേശത്തിന്റെ വടക്കേ അതിർത്തി മഹാ സമുദ്രം മുതൽ ഹോർ മല വരെയാണ്.

**നല്ല ദൈവമേ, ഞങ്ങളുടെ ജീവിതത്തിലും തരണം ചെയ്യേണ്ട മലനിരകളെ ഞങ്ങൾ മുന്നിൽ കാണുന്നു. കർത്താവ് മോശയോട് കല്പിച്ചതനുസരിച്ചാണ് ഹോർ മലയിലേക്കു അഹറോനോടും മകനോടുമൊപ്പം കയറിപോയത്. അത് പോലെ നിന്റെ ഉറപ്പുള്ള കരം പിടിച്ചു കൊണ്ട് ഞങ്ങളുടെ ജീവിതത്തിലെ പ്രതിസന്ധികളാകുന്ന മലകളെ താണ്ടുവാൻ, നീ കൽപ്പിക്കുന്ന അതിർത്തികൾ വരെ, പരാതി കൂടാതെ നടന്നെത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**